REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-01-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ശക്തവും സമ്പന്നവുമായ രാഷ്ട്രം കെട്ടിപ്പടുക്കുന്നതിൽ യുവാക്കളുടെ പങ്ക് നിർണായകമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **ആഭ്യന്തര മന്ത്രി അമിത്ഷാ ഇന്ന് രാത്രി തിരുവനന്തപുരത്തെത്തും.**
- **സംസ്ഥാന ബജറ്റിന് മുന്നോടിയായി കേന്ദ്രധനമന്ത്രി നിർമ്മലാ സീതാരാമനുമായി മന്ത്രി KN ബാലഗോപാൽ ഇന്ന് കൂടിക്കാഴ്ച നടത്തും.**
- **തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിച്ച സ്ഥാനാർത്ഥികൾ തിങ്കളാഴ്ചക്കകം ചെലവ് കണക്ക് സമർപ്പിച്ചില്ലെങ്കിൽ അയോഗ്യരാകുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A ഷാജഹാൻ.**
- **ഇന്ന് ലോക ഹിന്ദി ദിനം.**
- **ശബരിമലയിൽ ഭക്തജനത്തിരക്ക് തുടരുന്നു.**

## വാർത്തകൾ വിശദമായി

ശക്തവും സമ്പന്നവുമായ രാഷ്ട്രം കെട്ടിപ്പടുക്കുന്നതിൽ രാജ്യത്തെ യുവാക്കളുടെ പങ്ക് നിർണായകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. വികസിത ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗിനിടെ, രാജ്യത്തെ യുവ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തുമെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ശ്രദ്ധേയമായ ആവേശത്താലും സമാനതകളില്ലാത്ത തീക്ഷ്ണതയാലും ഇന്ത്യൻ യുവശക്തി രാജ്യത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും ഉറച്ചുനിൽക്കുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

രാജ്യത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ യുവാക്കളുടെ പങ്ക് നിർണായകമാണെന്ന് കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ പറഞ്ഞു. ന്യൂഡൽഹിയിൽ വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗിന്റെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സാങ്കേതിക വിദ്യ, സംരംഭകത്വം, ഭരണം, സുസ്ഥിരത, സാമൂഹിക വികസനം തുടങ്ങിയ മേഖലകളിൽ സംഭാവന ചെയ്യാൻ യുവാക്കളെ ലീഡേഴ്സ് ഡയലോഗ് പ്രോത്സാഹിപ്പിക്കുന്നുവെന്ന് മൻസൂഖ് മാണ്ഡവ്യ പറഞ്ഞു.

ധീരവും നൂതനവുമായ ആശയങ്ങൾ ഉപയോഗിച്ച് യുവാക്കളെ ശാക്തീകരിക്കുന്നതിനും ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റി തീർക്കുന്നതിനും പ്രേരക ശക്തിയാണിതെന്നും കേന്ദ്രമന്ത്രി വിശദീകരിച്ചു.

✪✪✪

ഹിമാചൽ പ്രദേശിലെ ബസ്സപകടത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ ദുഃഖം അറിയിച്ചു. മരിച്ചവരുടെ ബന്ധുക്കൾക്ക് പ്രധാൻമന്ത്രി ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും നൽകും.

ഇന്നലെ, സിർമൗർ ജില്ലയിലെ ഹരിപൂർധറിന് സമീപം ഉണ്ടായ ബസ് അപകടത്തിൽ 14 പേരാണ് മരിച്ചത്.

✪✪✪

ആഭ്യന്തരമന്ത്രി അമിത്ഷാ ഇന്ന് രാത്രി തിരുവനന്തപുരത്തെത്തും. നാളെ രാവിലെ പത്മനാഭ സ്വാമി ക്ഷേത്രത്തിൽ അദ്ദേഹം ദർശനം നടത്തും. തുടർന്ന് BJP സംസ്ഥാന ജനപ്രതിനിധി സമ്മേളനം കവടിയാറിൽ ഉദ്ഘാടനം ചെയ്യും. വൈകിട്ട് കേരള കൗമുദിയുടെ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുന്ന അദ്ദേഹം NDA നേതൃയോഗത്തിലും BJP സംസ്ഥാന കോർ കമ്മറ്റി യോഗത്തിലും പങ്കെടുക്കും. നാളെ വൈകീട്ട് അദ്ദേഹം ഡൽഹിക്ക് മടങ്ങും.

കേന്ദ്ര മന്ത്രിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ രാത്രി ഏഴു മുതൽ 11.30 വരെയും നാളെ രാവിലെ ഏഴു മുതൽ വൈകീട്ട് ആറ് വരെയും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

✪✪✪

പാർലമെന്റ് ബജറ്റ് സമ്മേളനം ഈ മാസം 28 ന് ആരംഭിച്ച് ഏപ്രിൽ രണ്ടു വരെ തുടരുമെന്ന് പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു അറിയിച്ചു. സഭാസമ്മേളനം വിളിച്ചു ചേർക്കാൻ രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകാരം നൽകിയതായും മന്ത്രി പറഞ്ഞു.

ബജറ്റ് സമ്മേളനത്തിന്റെ ആദ്യഘട്ടം ഫെബ്രുവരി 13 ന് അവസാനിക്കും. മാർച്ച് ഒൻപതിന് രണ്ടാം ഘട്ടത്തിനായി പാർലമെന്റ് വീണ്ടും സമ്മേളിക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. അർത്ഥവത്തായ സംവാദത്തിനും, ജനകേന്ദ്രീകൃത ഭരണത്തിനും സുപ്രധാന ചുവടുവെപ്പായിരിക്കും സഭാ സമ്മേളനമെന്നും കിരൺ റിജിജു വ്യക്തമാക്കി.

✪✪✪

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ തിരുവനന്തപുരം കോർപ്പറേഷനിലെ കൗൺസിലർമാരുടെ യോഗം വിളിച്ചു. വൈകിട്ട് മൂന്നിന് ലോക്ഭവനിൽ ചേരുന്ന യോഗത്തിൽ മേയർ വിവി രാജേഷും ഡെപ്യൂട്ടി മേയർ ആശാ നാഥും ഉൾപ്പെടെ 100 കൗൺസിലർമാരെയാണ് ഗവർണർ ക്ഷണിച്ചത്.

✪✪✪

സംസ്ഥാന ബജറ്റിന് മുന്നോടിയായി മന്ത്രി KN ബാലഗോപാൽ, കേന്ദ്രധനമന്ത്രി നിർമ്മലാ സീതാരാമനുമായി ഇന്ന് കൂടിക്കാഴ്ച നടത്തും. ചർച്ചയിൽ കേരളത്തിന്റെ ആവശ്യങ്ങൾ നിവേദനമായി നൽകുമെന്ന് ബാലഗോപാൽ അറിയിച്ചു. സ്പെഷ്യൽ പാക്കേജ്, കടമെടുപ്പ് പരിധി ഉയർത്തൽ, നികുതിവിഹിതത്തിലെ വർദ്ധന, വിഴിഞ്ഞം വികസന പാക്കേജ്, റെയിൽപദ്ധതികൾ, GST നഷ്ടപരിഹാരം തുടങ്ങിയ കേരളത്തിന്റെ ആവശ്യങ്ങൾ നിർമ്മലാ സീതാരാമന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നും ബാലഗോപാൽ തിരുവനന്തപുരത്ത് വ്യക്തമാക്കി.

✪✪✪

തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് പൊതു തിരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥികൾ തിങ്കളാഴ്ചക്കകം തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിച്ചില്ലെങ്കിൽ അയോഗ്യരാകുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A ഷാജഹാൻ അറിയിച്ചു. കമ്മീഷന്റെ ഉത്തരവ് തീയതി മുതൽ 5 വർഷത്തേക്കായിരിക്കും അയോഗ്യത. ചെലവ് കണക്ക് ഓൺലൈനായി സമർപ്പിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങളും, വിഡിയോയും കമ്മീഷൻ വെബ്സൈറ്റിൽ ലഭ്യമാണ്.

തിരഞ്ഞെടുപ്പ് ചെലവ് കണക്ക് അതത് തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് നേരിട്ടും നൽകാം. പത്രികാസമർപ്പണം മുതൽ വോട്ടെണ്ണൽ വരെ നടത്തിയ ചെലവ് കണക്കാണ് സമർപ്പിക്കേണ്ടത്.

✪✪✪

തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിച്ച സ്ഥാനാർത്ഥികളുടെ നിര്യാണത്തെത്തുടർന്ന് പ്രത്യേക തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച മൂന്ന് വാർഡുകളിലേക്ക് വോട്ടെടുപ്പ് തിങ്കളാഴ്ച നടത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A ഷാജഹാൻ അറിയിച്ചു. രാവിലെ 7 മുതൽ വൈകീട്ട് 6 വരെയാണ് വോട്ടെടുപ്പ്.

തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം, മലപ്പുറം ജില്ലയിലെ മൂത്തേടം - പായിമ്പാടം, എറണാകുളം ജില്ലയിലെ പാമ്പാക്കുട-ഓണക്കൂർ, എന്നിവിടങ്ങളിലാണ് പ്രത്യേക തിരഞ്ഞെടുപ്പ്. ജനുവരി 13 നായിരിക്കും വോട്ടെണ്ണൽ.

✪✪✪

VIP- പ്രവാസി വോട്ടർമാർക്ക് നേരിട്ട് ഹിയറിംഗിന് ഹാജരാകാതെ തന്നെ രേഖകൾ സമർപ്പിച്ച് വെരിഫിക്കേഷൻ പ്രക്രിയ പൂർത്തിയാക്കാൻ സാധിക്കുന്ന സംവിധാനം പ്രവർത്തനക്ഷമമായതായി മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ Dr രത്തൻ U കേൽക്കർ അറിയിച്ചു. SIR മായി ബന്ധപ്പെട്ട് പ്രവാസികളുടെ ആശങ്കകൾ പരിഹരിക്കാൻ വിളിച്ചുചേർത്ത പ്രവാസി സംഘടനകളുടെ ഓൺലൈൻ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നൂറിലധികം പ്രതിനിധികൾ പങ്കെടുത്തു.

ഫോം 6A സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ നടപടി ഉടൻ സ്വീകരിക്കുമെന്നും രത്തൻ U കേൽക്കർ അറിയിച്ചു.

✪✪✪

കോഴിക്കോട് ജില്ലയിലെ UDF ജനപ്രതിനിധികളുടെ സ്വീകരണം വിജയാരവം വൈകീട്ട് മുതലക്കുളത്ത് സംഘടിപ്പിക്കും. AICC സംഘടന ജനറൽ സെക്രട്ടറി KC വേണുഗോപാൽ ഉദ്ഘാടനം ചെയ്യും.

✪✪✪

ഇന്ന് ലോക ഹിന്ദി ദിനം ആചരിക്കുന്നു. വിദേശത്ത് ഹിന്ദി ഭാഷയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹിന്ദിദിനം ആചരിക്കുന്നത്. വിദ്യാഭ്യാസം, നയതന്ത്രം, സാസ്കാരിക വിനിമയം, തുടങ്ങിയ

അന്താരാഷ്ട്ര വേദികളിൽ ഹിന്ദി ഉപയോഗം പ്രോത്സാഹിപ്പിക്കാനും ദിനം ലക്ഷ്യമിടുന്നു. 2006 ലെ ലോക ഹിന്ദി സമ്മേളനത്തിന് ശേഷമാണ് ജനുവരി 10 ലോക ഹിന്ദി ദിനമായി ആചരിക്കാൻ തീരുമാനിച്ചത്.

✪✪✪

ശബരിമലയിൽ ഭക്തജനത്തിരക്ക് തുടരുന്നു. മകരവിളക്ക് മഹോത്സവത്തിന് സന്നിധാനത്ത് ഒരുക്കങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

പത്തനംതിട്ടയിൽ നിന്ന് ശ്രിജി S ശ്രീധർ.....

.........വോയ്സ്.......

മകരവിളക്ക് മഹോത്സവത്തിനു മൂന്നുനാൾ മാത്രം ശേഷിക്കേ ഭക്തരുടെ വലിയതിരക്ക് ഇന്നു മുതൽ പ്രതീക്ഷിക്കുന്നതിനാൽ ഒരുക്കങ്ങളും പുരോഗമിക്കുകയാണ്. അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ സുരക്ഷാക്രമീകരണങ്ങൾക്ക് പ്രാധാന്യം നൽകിയാണ് എല്ലാ മുന്നൊരുക്കകളും നടത്തുന്നത്. തീർഥാടകർ മകരവിളക്ക്കാണാൻ തങ്ങുന്ന സ്ഥലങ്ങളിലൊക്കെയും കാടുവെട്ടൽ ബാരിക്കേഡ് ക്രമീകരിക്കൽ എന്നിവ ദ്രുതഗതിയിൽ പുരോഗമിക്കുന്നുണ്ട്. പാണ്ടിത്താവളം ഉൾപ്പെടെ ആളുകൾ കൂടുതൽ തങ്ങുന്നിടങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ ടാപ്പുകൾമാത്രമല്ല ചുക്കുവെള്ളവിതരണ കൗണ്ടറുകളും ഒരുക്കുന്നുണ്ട്. കൂടാതെ വെളിച്ചത്തിനായി കെ. എസ്.ഇ.ബി വഴിവിളക്കുകളും ഒരുക്കുന്നുണ്ട്. ഇന്ന് രാവിലെ 11വരെ 30567തീർഥാടകർ ദർശനംനടത്തി. 3559 പേർ സ്പോട്ട്ബുക്കിംഗ്വഴിയാണ് ദർശനം നടത്തിയത്.

വനമേഖലകളിൽ അനുവഭാമില്ലാത്ത പ്രദേശങ്ങളിൽ പർണശാലകൾകെട്ടാൻപാടില്ലെന്ന് വനം വകുപ്പ്അറിയിച്ചിട്ടുണ്ട്. പരമ്പരാഗത കാനനപാത വഴിയുള്ള അയ്യപ്പഭക്തരുടെ യാത്ര എരുമേലി വഴി 13 ന് വൈകുന്നേരം 6വരെയും അഴുതക്കടവ് വഴി 14 ന് രാവിലെ 8വരെയും മുക്കുഴി വഴി രാവിലെ 10വരെയും മാത്രമേ ഉണ്ടാവുകയുള്ളൂ. നാളെ എരുമേലി പേട്ടതുള്ളൽ നടക്കും. 12ന് പന്തളത്തുനിന്നും തിരുവാഭരഘോഷയാത്ര പന്തളത്തേയ്ക്ക്തിരിക്കും. 14ന് മകരവിളക്കും നടക്കും

✪✪✪

മണ്ഡല മകരവിളക്ക് മഹോത്സവം പ്രമാണിച്ച് അയ്യപ്പഭക്തരുടെ യാത്രക്ക് ക്രമീകരണങ്ങൾ ഏർപ്പെടുത്തുമെന്ന് വനം വകുപ്പ് അധികൃതർ അറിയിച്ചു. പരമ്പരാഗത കാനനപാത വഴി ഭക്തരുടെ യാത്ര എരുമേലി വഴി ചൊവ്വാഴ്ച വൈകിട്ട് 6 വരെയും, അഴുതക്കടവ് വഴി ബുധനാഴ്ച രാവിലെ 8 വരെയും, മുക്കുഴി വഴി രാവിലെ 10 വരെയും മാത്രമേ കടത്തിവിടൂ.

✪✪✪

ശബരിമല എരുമേലി പേട്ടതുള്ളൽ നാളെ. അമ്പലപ്പുഴ ആലങ്ങാട് സംഘത്തിന്റേതാണ് പേട്ട തുള്ളൽ. തിരുവാഭരണ ഘോഷയാത്ര മറ്റന്നാൾ പന്തളം വലിയകോയിക്കൽ ക്ഷേത്രത്തിൽ നിന്ന് പുറപ്പെടും. ബുധനാഴ്ച സന്നിധാനത്തെത്തും. 13നാണ് ആചാരപരമായ പമ്പവിളക്കും പമ്പസദ്യയും . 14നാണ് പ്രസിദ്ധമായ മകരവിളക്ക്.

✪✪✪

ശബരിമലയിലെ സ്വർണം കണ്ടുപിടിക്കണമെന്നും സ്വർണ കൊള്ളയിൽ ഉൾപ്പെട്ടവർ എത്ര വലിയവരായാലും നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്നും മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല തിരൂരിൽ മാധ്യമങ്ങളോട് പറഞ്ഞു. തെറ്റ് ചെയ്തവർ നിയമാനുസൃത നടപടികൾക്ക് വിധേയരായേ പറ്റൂ എന്നും, പരാജിതന്റെ കപട ആത്മവിശ്വാസമാണ് മുഖ്യമന്ത്രിയുടേതെന്നും ചെന്നിത്തല ആരോപിച്ചു.

✪✪✪

ശബരിമല സ്വർണക്കൊള്ളക്കേസിൽ മന്ത്രിയായാലും തന്ത്രിയായാലും അന്വേഷണം ശരിയായ ദിശയിലേക്ക് പോകണമെന്ന് BJP ദേശീയ നിർവാഹക സമിതിയംഗം കുമ്മനം രാജശേഖരൻ ആവശ്യപ്പെട്ടു. നിയമം നിയമത്തിന്റെ വഴിയിൽ പോകണമെന്നും അന്വേഷണത്തിൽ ഒട്ടേറെ സംശയങ്ങൾ ജനങ്ങൾക്കുണ്ടെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

പാലക്കാട് ആലത്തൂരിൽ 1,000 പേർക്ക് തൊഴിലവസരം ലഭ്യമാക്കുന്ന വ്യവസായ പാർക്ക് സാധ്യമാക്കുമെന്ന് മന്ത്രി P.രാജീവ് അറിയിച്ചു. പുതുക്കോട് വില്ലേജിലാണ് 11 ഏക്കറിൽ ജനീവ ഇൻഡസ്ട്രീയൽ സോൺ പ്രൈവറ്റ് പാർക്ക് ആരംഭിക്കുന്നതെന്ന് മന്ത്രി ഫേസ്ബുക്കിൽ അറിയിച്ചു. 100 കോടിയിലധികം രൂപയുടെ പദ്ധതിയുടെ നിർമ്മാണം തുടങ്ങിയതായി മന്ത്രി വ്യക്തമാക്കി. സംസ്ഥാന ഗവൺമന്റിന്റെ സ്വകാര്യ പാർക്ക് പദ്ധതിയിൽപ്പെടുത്തി വ്യവസായ പാർക്കുകളുടെ പദവിയും സാമ്പത്തിക സഹായവും ഇതിന് ലഭ്യമാക്കുമെന്നും P രാജീവ് പറഞ്ഞു.

✪✪✪

മത ന്യൂനപക്ഷ വിഭാഗത്തെ വേദനിപ്പിക്കുന്ന തരത്തിൽ പരാമർശങ്ങൾ നടത്തിയിട്ടില്ലെന്നും ഇക്കാര്യത്തിൽ മാപ്പ് പറയില്ലെന്നും മുൻ മന്ത്രി A K ബാലൻ മാധ്യമങ്ങളോട് പറഞ്ഞു.

ജമാഅത്തെ ഇസ്ലാമി മത നിരപേക്ഷതയെ അംഗീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കണമെന്നും A K ബാലൻ ആവശ്യപ്പെട്ടു.

✪✪✪

ദേശീയ വിരവിമുക്ത ദിനത്തോടനുബന്ധിച്ച് കോഴിക്കോട് ജില്ലയിൽ ഒരു വയസ്സിനും 19 വയസ്സിനും ഇടയിൽ അഞ്ച് ലക്ഷത്തി 66,637 കുട്ടികൾക്ക് വിരഗുളിക നൽകി. സ്കൂളുകൾ, അങ്കണവാടികൾ എന്നിവിടങ്ങളിലൂടെയാണ് ഗുളിക വിതരണം ചെയ്തത്. ഗുളിക കഴിക്കാൻ സാധിക്കാത്ത കുട്ടികൾക്ക് ജനുവരി 12-ന് വിതരണം ചെയ്യും.

✪✪✪

കോഴിക്കോട് ജില്ലയെ പരിപൂർണ്ണ സാക്ഷരതയിലെത്തിക്കുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മില്ലി മോഹൻ പറഞ്ഞു. സാക്ഷരതാമിഷന്റെ കേന്ദ്രാവിഷ്കൃത സാക്ഷരതാ പദ്ധതി 'ഉല്ലാസിന്റെ' പരീക്ഷാ മുന്നൊരുക്ക യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മില്ലി മോഹൻ. ജില്ലയിൽ 30 തദ്ദേശ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്.

✪✪✪

വെർച്ച്വൽ അറസ്റ്റ് കേസിൽ കോഴിക്കോട് സ്വദേശിനിയെ ഭീഷണിപ്പെടുത്തി 36 ലക്ഷം രൂപ തട്ടിയെടുത്ത സംഭവത്തിൽ നാല് പേരെ പൊലീസ് അറസ്റ്റ് ചെയ്തു. ഹരിപ്രസാദ്, ഷിഹാബ്, ഫാസിൽ, റബിൻ ബാലകൃഷ്ണൻ എന്നിവരെയാണ് സൈബർ പൊലീസ് പിടികൂടിയത്..

✪✪✪

കോട്ടയം, എറണാകുളം ജില്ലകളിലേക്കും, ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ ചുറ്റളവിൽ സ്ഥിര താമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് newsonair, prasarbharati വെബ്സൈറ്റുകൾ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31 ആണ്.

✪✪✪

സ്വർണ്ണവില വർധിച്ചു. പവന് 840 രൂപ ഉയർന്ന് ഒരു ലക്ഷത്തി 3,000 ത്തിലെത്തി. 12,875 രൂപയാണ് ഗ്രാമിന്.

✪✪✪

വയനാട് കോട്ടത്തറ വണ്ടിയാമ്പറ്റയിൽ കടുവയിറങ്ങി. പുലർച്ചെ ഓട്ടോ ഡ്രൈവറാണ് കടുവയെ കണ്ടത്. സ്ഥലത്ത് വനംവകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തി. പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകി.

✪✪✪

*News Editor വി കെ സുരേഷ്*
*News Reader: ശ്രിജി*
*NRTs: അനുഷ ആത്മപ്രകാശ്, മണികണ്ഠൻ*
*DEO : സി കെ സുബോധ്*